നം. 20/2017/SRG/CC/12

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 19.10.2017-ൽ കൂടിയ യോഗത്തിന്റെ നടപടി വിവരം

**യോഗം ഉച്ച കഴിഞ്ഞ് 2.30-ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം ഹാജർ രജിസ്റ്റർ പ്രകാരം**

### 1. വാർഷിക പദ്ധതി പുരോഗതി അവലോകനം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 19.10.2017-വരെയുള്ള പദ്ധതി പുരോഗതി യോഗം അവലോകനം ചെയ്തു. ആകെ ചെലവ് 22.33 ശതമാനമാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 24.32 ശതമാനം |
| മുനിസിപ്പാലിറ്റി | - | 24.24 ” |
| ബ്ലോക്ക് പഞ്ചായത്ത് | - | 22.96 ” |
| കോർപ്പറേഷൻ | - | 21.28 ” |
| ജില്ലാ പഞ്ചായത്ത് | - | 12.81 ” |
| **ആകെ** | | 22.33 ശതമാനം |

ഏറ്റവും ഉയർന്ന പദ്ധതി ചെലവ് തിരുവനന്തപുരം ജില്ലയിലും (24.27%) ഏറ്റവും കുറവ് കോട്ടയം ജില്ലയിലുമാണ് (19.37%). ട്രഷറികളിൽ സമർപ്പിക്കപ്പെട്ട ബില്ലുകളിൽ 4463 എണ്ണം ഇനിയും പാസാകാനുണ്ട്. അവയുടെ ആകെ തുക 150.41 കോടി രൂപയാണ്. ഏറ്റവും കൂടുതൽ ബില്ലുകൾ തിരുവനന്തപുരം ജില്ലയിലും (543 ബില്ലുകളിലായി 21.96 കോടി രൂപ) ഏറ്റവും കുറവ് വയനാട് ജില്ലയിലും (143 ബില്ലുകളിലായി 4.07 കോടി രൂപ) ആണ്. ആകെ 82 ശതമാനം നിർമ്മാണ പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി ആവശ്യമുള്ള 85,801 പ്രോജക്ടുകളാണ് ഉള്ളത്. അവയിൽ 69,959 പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകി.

(നടപടി:-തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്)

### 2. **മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം സ്വീകരിച്ച തുടർ നടപടികൾ**

2.2 13.09.2017-ലെ കോർഡിനേഷൻ കമ്മിറ്റിയോഗത്തിലെ തീരുമാനപ്രകാരം സ്വീകരിക്കേണ്ട തുടർ നടപടികൾ

(I) **ഖണ്ഡിക നം.2.2.6**

**കാവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.08.2017-ലെ കത്ത്**

കിണർ റീ ചാർജിംഗിനുള്ള യൂണിറ്റ് ചെലവ്, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ സംബന്ധിച്ച ഉത്തരവ്. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ വിശദ വിവരങ്ങൾ വകുപ്പിലേയ്ക്ക് നൽകണം. ഒരാഴ്ചയ്ക്കകം ഉത്തരവിറങ്ങും

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

(II) **ഖണ്ഡിക നം.2.2.7**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.08.2017-ലെ 82/2017/**DPO /Kannur **നമ്പർ കത്ത്.**

സോളാർ എനർജിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാനും സാങ്കേതികാനുമതിക്കുമായി ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ഉത്തരവ്. ഒരാഴ്ചയ്ക്കകം ഉത്തരവിറങ്ങും

(നടപടി:- തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ) വകുപ്പ്)

3. **03.10.207-ലെ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

(III) **ഖണ്ഡിക നം.3.4**

സബ്സിഡി മാർഗരേഖയിലെ (സ.ഉ.(എം.എസ്) നമ്പർ 80/2017/തസ്വഭവ, തീയതി 03.04.2017) ഖണ്ഡിക 8.1.8-ൽ നെൽകൃഷിക്ക് ജലസേചനത്തിന് പെട്ടിയും പറയും 100 ശതമാനം സബ്സിഡിയോടെ പാടശേഖരസമിതികൾക്ക് നൽകാൻ അനുമതി നൽകിയിരുന്നു. പെട്ടി, പറ ഇവയോടൊപ്പം മോട്ടോർ കൂടി നൽകാൻ അനുമതി സംബന്ധിച്ച ഉത്തരവ്/സർക്കുലർ. ഒരാഴ്ചയ്ക്കകം ഉത്തരവിറങ്ങും

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

(IV) **ഖണ്ഡിക 3.5**

സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് മാർഗരേഖ പ്രകാരം 50 ശതമാനമാണ് സബ്സിഡി നൽകാവുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ഇത്തരം പൊതു സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകുന്നതു സംബന്ധിച്ച ഉത്തരവ്/ സർക്കുലർ -ഒരാഴ്ചയ്ക്കകം ഉത്തരവിറങ്ങും

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

(V) ഖണ്ഡിക 3.6

കേന്ദ്ര ധനകാര്യ കമ്മീഷന്റെ പെർഫോർമൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വിഭവ സമാഹരണ നേട്ടം വിലയിരുത്തു ന്നതിനുള്ള മാനദണ്ഡങ്ങളും പരിശോധനാക്രമവും തീരുമാനിക്കാൻ തദ്ദേശഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചെയർമാനും, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ സെൽ ഡെപ്യൂട്ടി സെക്രട്ടറി എന്നിവർ അംഗങ്ങളായും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ കൺവീനറായുമുള്ള കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് - ഒരാഴ്ചയ്ക്കകം ഉത്തരവിറങ്ങും

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) സംസ്ഥാന ഓഡിറ്റ് ഡയറക്ടർ

**(VI) ഖണ്ഡിക 3.7**

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് ചെയ്ത തുകയെ രണ്ടായി തിരിച്ച് 2017-18 വർഷത്തിനു മുൻപുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി **A)**, 2017-18 ലെ ഡെപ്പോസിറ്റ് പ്രവൃത്തികൾ (കാറ്റഗറി **B)** സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കൽ. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസ്റ്റി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ എന്നീ വകുപ്പുകളുടെ മാനേജിംഗ് ഡയറക്ടർമാരെ കൂടി പ്രത്യേകമായി ക്ഷണിക്കാൻ തീരുമാനിച്ചു.

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**(VII) ഖണ്ഡിക 3.9**

SSAക്ക് കഴിഞ്ഞവർഷം (2016-17) തദ്ദേശസ്ഥാപനങ്ങൾ നൽകിയ തുക, അതിന്റെ ചെലവ്, ഭൗതിക നേട്ടം എന്നിവ സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും സമർപ്പിക്കണം.

(നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ
2) നഗരകാര്യ ഡയറക്ടർ

**(VIII) ഖണ്ഡിക** 3.17

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അവതരിപ്പിച്ചു.

പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിട വാടക, ഡി & ഒ ലൈസൻസ് ഫീ എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുകയും ഇവ മുഖേനയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. ഇതിന്മേൽ വിശദമായ റിപ്പോർട്ട് വകുപ്പിന് നൽകാൻ ഡയറക്ടറോട് നിർദ്ദേശിച്ചു. വകുപ്പുതലത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ(എ.എ) വകുപ്പ്

**(IX) ഖണ്ഡിക 3.22**

തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി നിർവഹണം സംബന്ധിച്ച ബ്ലോക്ക്/ജില്ലാ/മുനിസിപ്പൽതല അവലോകനം നടത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ട്

നടപടി-1) ചീഫ്, വികേന്ദ്രീകൃതാസൂത്രണ വിഭാഗം,
സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ

**(X) ഖണ്ഡിക 4.11**

**ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 18.08.2016,01.02.2017 എന്നീ തീയതികളിലെ** ED - 2325/15-ാം **നമ്പർ കത്തുകളും കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 07.06.2017-ലെ യോഗ നടപടിയും** (LSGD/DB3/159/2016- LSGD)

2015-16 -ൽ ആലപ്പുഴ ജില്ലാ പഞ്ചായത്ത് സ്കൂളുകൾക്കുവേണ്ടി 8 മിനി ബസ് വാങ്ങിയത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണം.

(നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ
**2)** തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**(XI) ഖണ്ഡിക 4.13**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 18.09.2017-ലെ** DB7/8185/17/CE **തസ്വഭവ കത്തും പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.04.2017-ലെ കത്തും**

2014-15 വാർഷിക പദ്ധതിയിൽ ലോക ബാങ്ക് വിഹിതം ഉപയോഗിച്ച് ടെണ്ടർ നടപടി സ്വീകരിക്കുന്നതിനു മുമ്പ് കുറ്റിലക്കടവ് റോഡ് നിർമ്മാണം നടത്തിയത് സംബന്ധിച്ച് ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാതിക്കാരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് അസി.എഞ്ചിനീയർ എന്നിവരുടെ ഹിയറിംഗ് നടത്താൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കണം.

**നടപടി:-1) പഞ്ചായത്ത് ഡയറക്ടർ**

**2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)**

**(XII) ഖണ്ഡിക 4.17**

**കെൽട്രോൺ മാനേജിംഗ് ഡയറക്ടറുടെ കത്ത് (ലഭിച്ചത് 14.09.2017)**

പ്രത്യേക പരിഗണന അർഹിക്കുന്നവർക്കാവശ്യമായ (ഭിന്നശേഷി വിഭാഗക്കാർ) ശ്രവണ സഹായി, സഞ്ചാര സഹായ ഉപകരണങ്ങൾ എന്നിവ കെൽട്രോൺ നിർമ്മിക്കുന്നുണ്ട്. കൂടാതെ ഭിന്നശേഷി വിഭാഗക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിൽ മാറ്റങ്ങളോടെ സ്കൂട്ടറുകളിൽ സൈഡ് വീൽ ഘടിപ്പിച്ചും നൽകുന്നുണ്ട്. കെൽട്രോൺ സ്വയം നിർമ്മിക്കുന്ന ഉപകരണങ്ങളും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറും കെൽട്രോണിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിനുള്ള അനുമതി സംബന്ധിച്ച സർക്കുലർ - ഒരാഴ്ചയ്ക്കകം ഇറക്കും.

**(നടപടി:-തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)**

**3.പൊതു വിഷയങ്ങൾ.**

**3.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ എസ്.സി.എസ്.പി./റ്റി.എസ്.പി. ഫണ്ടുകളുടെ ചെലവ് പൊതു വിഭാഗം ഫണ്ടിന്റെ ചെലവിനേക്കാൾ കുറവാണ് എന്നും ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും 03.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു.

ഇത് സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡിൽ 04.10.2017-ൽ കൂടിയ പ്രത്യേക യോഗത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി.എസ്.പി/റ്റി.എസ്.പി ഫണ്ടുകളുടെ ഉപയോഗം സംബന്ധിച്ച നിലനിൽക്കുന്ന തടസ്സങ്ങൾ നീക്കുന്നതിനും

പദ്ധതി നിർവഹണം കൂടുതൽ കാര്യക്ഷമമാക്കി എസ്.സി.എസ്.പി/റ്റി.എസ്.പി ഫണ്ടിന്റെ ചെലവ് നൂറു ശതമാനമാക്കുന്നതിനും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. യോഗ തീരുമാനം പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ എസ്.സി/എസ്.റ്റി ഡയറക്ടർമാർ എന്നിവർക്ക് നൽകേണ്ടതാണ്.

(നടപടി. 1) ചീഫ്, ഡി.പി. ഡിവിഷൻ,
സ്റ്റേറ്റ് പ്ലാനിംഗ് പ്ലാനിംഗ് ബോർഡ്
2) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്)

**3.2** തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ചില സഹായങ്ങൾ ബി.പി.എൽ വിഭാഗങ്ങളെ കൂടാതെ വരുമാന പരിധിക്കു വിധേയമായി മറ്റു വിഭാഗത്തിനും നൽകാമെന്ന് മാർഗേരേഖയിൽ പറയുന്നുണ്ട്. ചില സഹായങ്ങൾക്ക് ചെറിയ തുകയാണ് സബ്സിഡിയായി ലഭിക്കുന്നത്. ചെറിയ തുകയ്ക്കുവേണ്ടി വരുമാന സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുവെന്ന് അവലോകന യോഗങ്ങളിൽ പല നിർവഹണ ഉദ്യോഗസ്ഥന്മാരും അറിയിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വരുമാന സർട്ടിഫിക്കറ്റിനു പകരം താഴെപ്പറയുന്ന രേഖകകൾ പ്രകാരം ആനുകൂല്യം നൽകാവുന്നതാണ്.

1) റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ
2) വരുമാനം സംബന്ധിച്ച നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം
3) മറ്റ് ആവശ്യത്തിനു വാങ്ങിയ വരുമാന സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉണ്ടെങ്കിൽ അവ

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**3.3** പല തദ്ദേശഭരണ സ്ഥാപനങ്ങളും 2017-18 വാർഷിക പദ്ധതിയിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ ലൈഫ് പദ്ധതിയിൽ ഈ വർഷം പുതിയ വീട് വച്ച് നൽകാൻ ഉത്തരവായിട്ടില്ല. പൂർത്തീകരിക്കാത്ത വീടുകൾക്ക് പലയിടത്തും ഈ തുക മുഴുവനും ആവശ്യമില്ല എന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ട്. കൂടാതെ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലിസ്റ്റ് പ്രകാരം പൂർത്തീകരിക്കാത്ത വീടുകൾ ഇല്ല. ഈ

സാഹചര്യത്തിൽ ചെലവഴിക്കാൻ കഴിയാത്ത തുക ഉപയോഗിച്ച് വീട്ടു വയ്ക്കുന്നതിനും വീടിന് സ്ഥലം വാങ്ങാനും അനുമതി പല തദ്ദേശഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന തീരുമാനമെടുത്തു

ഭവന നിർമ്മാണത്തിന്/ലൈഫ് മിഷന് വകയിരുത്തിയിരിക്കുന്ന തുക സർക്കാർ ഉത്തരവ് പ്രകാരം ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ വീടിന്റെ പൂർത്തീകരണത്തിന് ഉപയോഗിക്കണം. അതിനുശേഷം തുക ബാക്കിയുണ്ട് എങ്കിൽ ലൈഫ് മിഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമമനുസരിച്ച് വീട് വച്ചു നൽകുന്നതിന് ഉപയോഗിക്കാവുന്നതാണ്. ലൈഫ് മിഷൻ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്ക് ഇതിന് ബാധകമായിരിക്കും. നിരക്ക് സംബന്ധിച്ച ഉത്തരവ് ഉടനെ പുറപ്പെടുവിക്കും. കൂടാതെ ലിസ്റ്റിലുള്ളവർക്ക് ഭവന നിർമ്മാണത്തിന് വസ്തു വാങ്ങി നൽകുന്നതിനും ഈ തുക ഉപയോഗിക്കാവുന്നതാണ്. ലൈഫ് മിഷൻ പ്രകാരം അംഗീകരിച്ച ലിസ്റ്റ് അനുസരിച്ച് വീടുകളുടെ പൂർത്തീകരണത്തിന് മതിയായ തുക പദ്ധതി ഭേദഗതി സമയത്ത് വകയിരുത്തണം. അപ്രകാരം മതിയായ തുക വാർഷിക പദ്ധതി ഭേദഗതി സമയത്ത് വകയിരുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പ് വരുത്തണം.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്
2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , ലൈഫ് മിഷൻ)

**3.4** ഹോമിയോ മരുന്നുകൾ ലഭിക്കുന്നതിന് **HOMCO**-യിലേയ്ക്കും ആയുർവേദ മരുന്നു ലഭിക്കുന്നതിന് ഔഷധിയിലേയ്ക്കും പണമടച്ചാൽ മരുന്നു ലഭിക്കാൻ കാലതാമസമുണ്ടാകുന്നുണ്ട്. ഇതു പരിശോധിക്കുന്നതിന് **HOMCO**-യുടേയും ഔഷധിയുടേയും മാനേജിംഗ് ഡയറക്ടറുമായി പ്രത്യേകം ചർച്ചചെയ്യാൻ തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**3.5** തദ്ദേശഭരണ സ്ഥാപനങ്ങൾ **ABC** പദ്ധതിക്കുവേണ്ടി പ്രോജക്ടുകൾ നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു എങ്കിലും പല തദ്ദേശഭരണ സ്ഥാപനങ്ങളും മതിയായ തുക **ABC** പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു. വാർഷിക പദ്ധതി

ഭേദഗതി സമയത്ത് ആവശ്യമായ തുക ABC പരിപാടികൾക്ക് വകയിരുത്തിയിട്ടുണ്ട് എന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പ വരുത്തേണ്ടതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്)

**3.6** പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ലോക ബാങ്ക് വിഹിതത്തിൽ സേവിംഗ്സ് ഉണ്ട്. ഈ തുക ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എടുക്കാവുന്നതാണ്. ഇതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

**(i)** 31.12.2017 –നകം പ്രോജക്ട് പൂർത്തിയാക്കി ബിൽ തുക നൽകാൻ കഴിയുന്ന പ്രോക്ടുകൾ മാത്രമേ എടുക്കാൻ പാടുള്ളൂ. ഏതെങ്കിലും കാരണവശാൽ 31.12.2017-നകം പ്രോജക്ട് പൂർത്തിയാക്കി തുക നൽകാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ ബിൽ തുക വികസനഫണ്ടോ തനത് ഫണ്ടോ ഉപയോഗിച്ച് നൽകണം.

**(ii)** ഇപ്പോൾ ലോക ബാങ്ക് വിഹിതം സംബന്ധിച്ച് സുലേഖ സോഫ്റ്റ് വെയറിൽ വാലിഡേഷൻ ഇല്ല. അതിനാൽ ഇതു പ്രത്യേകമായി പരിശോധിക്കാൻ ലോക ബാങ്ക് വിഹിതം, ചെലവ്, മിച്ചം തുക എന്നിവ സംബന്ധിച്ച വിവരം പ്രത്യേകമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി നൽകേണ്ടതും ഇതു ശരിയാണെന്ന് ജില്ലാ പ്ലാനിംഗ് ഓഫീസർ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതുമാണ്.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്)

**3.7** **(i)** രണ്ടാം ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി താഴെപ്പറയുന്നവർ 2016 നവംബർ മാസം മുതൽ ജില്ലാതല ഫെസിലിറ്റേറ്റർമാരായി പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ പ്രവർത്തനം തൃപ്തികരമായതിനാൽ ഇവരെ ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാരായി അതത് ജില്ലകളിൽ നിയമിക്കാൻ തീരുമാനിച്ചു.

| ജില്ല | പേര് | ഫോൺ നമ്പർ |
|---|---|---|
| തിരുവനന്തപുരം | കെ.സുബാഷ് ചന്ദ്രൻ | 9446701833 |
| കൊല്ലം | റ്റി. പ്രേംലാൽ | 9446905595 |
| പത്തനംതിട്ട | എം.കെ. വാസു | 9446030811 |
| ആലപ്പുഴ | പി. ജയരാജ് | 9961261362 |
| കോട്ടയം | എം. മനോഹരൻ | 9446942314 |
| ഇടുക്കി | ഷാഹുൽ ഹമീദ് | 9446212594 |
| എറണാകുളം | കെ.കെ.രവി | 9446434659 |
| തൃശ്ശൂർ | വി.വി. സുധാകരൻ | 9446410426 |
| പാലക്കാട് | സി.പി. ജോൺ | 9446876009 |
| മലപ്പുറം | ശ്രീധരൻ മാസ്റ്റർ | 9496361716 |
| കോഴിക്കോട് | ഇ.പി. രത്നാകരൻ | 9446453970 |
| വയനാട് | കെ. ബാലഗോപാൽ | 9447188489 |
| കണ്ണൂർ | പി.വി. രത്നാകരൻ | 9447074794 |
| കാസർകോഡ് | പി.വി. പത്മനാഭൻ | 9447781182 |

**(ii)** കൂടാതെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിലേയ്ക്ക് 29.09.2016-ലെ 139/2016/തസ്വഭവ (ഡി.എ) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഏഴ വിദഗ്ദ്ധാംഗങ്ങളെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. 02.12.2016-ലെ 44/2016/തസ്വഭവ

(ഇ.എം) നമ്പർ സർക്കാർ ഉത്തരവു പ്രകാരം എല്ലാ ജില്ലാ ആസൂത്രണ സമിതികളിലേയ്ക്കും ഒരു സർക്കാർ പ്രതിനിധിയെ വീതം നിയമിച്ചിട്ടുണ്ട്.

എസ്.ആർ.ജി.യിലെ വിദഗ്ധാംഗങ്ങൾക്ക് ഇപ്പോൾ നൽകി വരുന്ന പ്രതിമാസ ഓണറേറിയം 22,000/- രൂപയാണ്. ഇത് 35,000/- രൂപയായി വർദ്ധിപ്പിക്കാനും ജില്ലാ ആസൂത്രണസമിതിയിലെ സർക്കാർ നോമിനികൾക്ക് പ്രതിമാസം 20,000/- രൂപ ഓണറേറിയം നൽകാനും ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർക്ക് പ്രതിമാസം 20,000/- രൂപ ഓണറേറിയം നൽകാനും തീരുമാനിച്ചു. ഇവർക്കുള്ള ഓണറേറിയം 'കില'യിൽ നിന്നും നൽകാനും തീരുമാനിച്ചു. എസ്.ആർ.ജി. അംഗങ്ങൾക്കുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയവും ജനകീയാസൂത്രണ ജില്ലാതല ഫെസിലിറ്റേറ്റർമാർക്കും ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനികൾക്കും പുതിയതായി നിശ്ചയിച്ചിരിക്കുന്ന ഓണറേറിയവും 01.09.2017 മുതലുള്ള പ്രാബല്യത്തോടെ നൽകാൻ തീരുമാനിച്ചു.

ജില്ലാതല ഫെസിലിറ്റേറ്റർമാർ അവരുടെ ഓരോ മാസത്തേയും ടൂർ ഡയറി ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകേണ്ടതും ജില്ലാ പ്ലാനിംഗ് ഓഫീസർ അത് കിലയിലേയ്ക്ക് ഓണറേറിയം നൽകാനുള്ള ശുപാർശയോടെ അയയ്ക്കേണ്ടതുമാണ്. ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ ചുമതലകളും പ്രവർത്തനങ്ങളും സംബന്ധിച്ചുള്ള മാർഗരേഖ തയ്യാറാക്കാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി.

**(iii)** ഓരോ തദ്ദേശഭരണ സ്ഥാപനതലത്തിലും ജനകീയാസൂത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് കഴിവതും ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പരിചയമുള്ള ഒരു സന്നദ്ധ പ്രവർത്തകനെ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നിശ്ചയിക്കുന്നതിന് അനുമതി നൽകുന്നു. ഇവർക്ക് പ്രതിമാസം 5000/- രൂപ ഹോണറേറിയമായി തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണ/മോണിറ്ററിംഗ് പ്രവർത്തനങ്ങൾക്കുള്ള വിഹിതത്തിൽ നിന്നും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.

(നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്)

**3.8 GST** സംബന്ധിച്ച കരട് കുറിപ്പ് കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തു. ഇത് സംബന്ധിച്ച് അടിയന്തിരമായി ഉത്തരവിറക്കാൻ നടപടി സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9** നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്ടുകൾ ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങളോ കാലതാമസമോ ഉണ്ടായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ സർക്കാരിന്റെ /കോഓർഡിനേഷൻ കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരണം. ടെണ്ടർ, റീ ടെണ്ടർ നടപടികൾക്ക് ശേഷവും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന്

കരാറുകാർ തയ്യാറാവാത്ത സാഹചര്യം ഉണ്ടാവുന്ന പക്ഷം 20 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്തുന്ന കാര്യം പരിഗണിക്കേണ്ടി വരുമെന്ന് നിരീക്ഷിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്)

**3.10** ലൈഫ് മിഷൻ പ്രകാരം പൊതു വിഭാഗത്തിനും പട്ടിക ജാതി വിഭാഗത്തിനും വീട് വയ്ക്കുന്നതിനുള്ള യൂണിറ്റ് നിരക്ക് 4.00 ലക്ഷം രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിന് വീടിന്റെ യഥാർത്ഥ ചെലവ് എന്നും ധാരണയായിട്ടുണ്ട് എന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഇത് സംബന്ധിച്ച ഉത്തരവ് ഡിസംബർ മാസത്തോടെ ഇറങ്ങുന്നതാണ്.

(നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്)

**3.11** ലൈഫ് മിഷൻ ഉത്തരവുപ്രകാരം 2016-17-ൽ **PMAY**യിൽ വീട്ടു വയ്ക്കാൻ ധനസഹായം ലഭിച്ചവരുടെ ഇനിയും പൂർത്തിയാകാത്ത വീടുകൾ പൂർത്തീകരിക്കാൻ ലൈഫ് മിഷൻ ഉത്തരവ് പ്രകാരം ധനസഹായം ലഭിക്കില്ല. ഈ പോരായ്മ കൂടി പരിഹരിക്കണമെന്ന് ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡയറക്ടർ ആവശ്യപ്പെട്ടു. 2016-17 –ൽ (31.03.2016-നും 31.03.2017-നും ഇടയിൽ) **PMAY**പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവർക്ക് ഇനിയും വീടുപണി പൂർത്തീകരിക്കാനുണ്ടെങ്കിൽ അവർക്ക് ലൈഫ് മിഷൻ മാനദണ്ഡ പ്രകാരമുള്ള അധിക ധനസഹായം നൽകാവുന്നതാണ്.

(നടപടി:- തദ്ദേശഭരണ (ഡി.ബി) വകുപ്പ്)

**3.12 SCSP/TSP** പദ്ധതി പുരോഗതിയുടെ ജില്ല തിരിച്ച റിപ്പോർട്ട് കൂടി (ശതമാനം) പ്രത്യേകമായി തദ്ദേശഭരണ വകുപ്പിന്റെ സൈറ്റിൽ ഇടണം.

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡറക്ടർ, ഐ.കെ.എം)

**3.13** അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ഓരോ ജില്ലയിലും, പ്രത്യേകിച്ച് **SCSP/TSP** മേഖലയിൽ എന്തുകൊണ്ട് പദ്ധതി പുരോഗതി പുറകിലാകുന്നു എന്ന് പ്രത്യേകമായി റിപ്പോർട്ട് ചെയ്യണം. പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിഹാര മാർഗ്ഗം കൂടി റിപ്പോർട്ട് ചെയ്യണം.

(നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

**3.14** ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി ഓരോ കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് വകുപ്പുമേധാവികൾ അവലോകനം ചെയ്യുകയും

നിലനിൽക്കുന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും സ്വീകരിച്ച നടപടികളും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമെടുക്കേണ്ട വിഷയങ്ങളും സംബന്ധിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4 ദിവസം മുമ്പെങ്കിലും എസ്.ആർ.ജി.ക്കു നൽകി അജണ്ടയിൽ ഉൾപ്പെടുത്തണം.

(നടപടി:- 1) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ)

4 **പ്രത്യേക വിഷയങ്ങൾ**

4.1 **കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.09.2017 -ലെ** A2-757/17-**ാം നമ്പർ കത്ത്**

തെരുവുവിളക്ക് പരിപാലനത്തിന് 2016-17-ൽ 4,35,660/- രൂപ വകയിരുത്തി കൊണ്ടുള്ള പ്രോജക്ട് നടപ്പാക്കാൻ ടെണ്ടറിലൂടെ ശ്രീ.രഘു.എൻ എന്നയാളെ ഏൽപ്പിച്ചിരുന്നു. ഇതിന്റെ കാലാവധി 30.03.2018 വരെയാണ്. ഈ വർഷം 7.00 ലക്ഷം രൂപ വകയിരുത്തിക്കൊണ്ടുള്ള തെരുവുവിളക്ക് പരിപാലനത്തിനുള്ള പുതിയ പ്രോജക്ടും ശ്രീ.രഘു.എൻ എന്നയാളെ ഏൽപ്പിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം**- അനുമതി നിരസിച്ചു. ടെണ്ടർ നടപടി പാലിച്ച് നടപ്പാക്കണം.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.2 **വാഴയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.08.2017-ലെ കത്തും 16.08.2017-ലെ 6(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2014-15 വാർഷിക പദ്ധതിയിൽ ആലുങ്ങൽ 117-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് (പ്രോ.നം. 179/15) തനത് ഫണ്ടായി 1,22,000/- രൂപയും നബാർഡ് വിഹിതമായി 6,88,000/- രൂപയും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നു. 2015-16-ൽ പ്രോജക്ട് പൂർത്തിയാക്കി. 2015 - 16-ൽ തനത് ഫണ്ടിൽ നിന്ന് 1,22,000/- രൂപ നൽകി. നബാർഡ് വിഹിതം ലഭിച്ചില്ല. 2016-17 ൽ സ്പിൽ ഓവറായി എടുക്കാൻ വിട്ടുപോയി. ഇനി നൽകാനുള്ള 6,87,923/-രൂപ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് പുതിയ പ്രോജക്ട് എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഇ.പി.എ) വകുപ്പ്)

4.3 **കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 22.09.2017-ലെ** A1-500/2017-ാം **നമ്പർ കത്തും 19.09.2017-ലെ 1/2017(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിന് 2017-18 വർഷം 31,50,000/- രൂപ (പ്രോ.നം 44/2018) വകയിരുത്തിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്. ലൈഫ് പദ്ധതിയുടെ മാർഗരേഖ വരാൻ കാലതാമസം വരും എന്നതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളവർക്ക് ഭൂമി വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** - പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം നടപ്പാക്കാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.4 **അവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2017-ലെ** A2-1281/17(1) -ാം **നമ്പർ കത്ത്.**

താഴെപ്പറയുന്ന 2016-17-ലെ പ്രോജക്ടുകൾ 2017-18 വർഷം മാറ്റമില്ലാത്ത സ്പിൽ ഓവറായി തുടരുന്നുണ്ട്. പുതിയ മാർഗരേഖ പ്രകാരം 50,000/-രൂപയിലധികം അടങ്കൽ ഉള്ള പ്രോജക്ടുകൾ ഇ- ടെണ്ടർ ചെയ്യണം എന്നാണ്. ഈ പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന രീതിയിലാണ്. മാറ്റമില്ലാത്ത സ്പിൽ ഓവറായതിനാൽ ഗുണഭോക്തൃ സമിതി മുഖേന തന്നെ നടപ്പാക്കാനായി സാങ്കേതികാനുമതി നൽകാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിക്കണമെന്ന ആവശ്യം സംബന്ധിച്ച്

| **ക്രമ നം** | **പ്രോജക്ട് നം** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ തുക** |
|---|---|---|---|
| 1 | 166 | മണിത്തറ ലക്ഷം വീട് കോളനി വാട്ടർ ടാങ്ക് നിർമ്മാണം | 4,35,000/- (എസ്.സി.പി) |
| 2 | 165 | അപ്പംകുളങ്ങര ടാങ്ക് നിർമ്മാണം | 5, 00,000/- (എസ്.സി.പി) |
| 3 | 123 | അപ്പംകുളങ്ങര കോളനി റോഡ് ഇംപ്രൂവ്മെന്റ്സ് | 3,00,000/- (എസ്.സി.പി) |
| 4 | 194 | കോട്ടയിൽ റോഡ് റീടാറിംഗ് | 4,00,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |
| 5 | 195 | പെരിഞ്ചിറ സെന്റർ പെരിഞ്ചിറ പാലം റോഡ് റീടാറിംഗ് | 5, 00,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |
| 6 | 196 | യുവവേദി റോഡ് റീ ടാറിംഗ് | 4,50,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |
| 7 | 197 | നാട്ടിൻപുറം റോഡ് റീ ടാറിംഗ് | 4,50,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |

| | | | |
|---|---|---|---|
| 8 | 198 | ശ്രീകണ്ഠേശ്വരം റോഡ് റീ ടാറിംഗ്- ആകാശവാണി റോഡ് റീടാറിംഗ് | 4,41,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |
| 9 | 199 | അവണൂർ റേഡിയോ സ്റ്റേഷൻ റോഡ് റീ ടാറിംഗ് | 4,00,000/- (മെയിന്റനൻ ഗ്രാന്റ്, റോഡ്) |

**തീരുമാനം** - സ്പിൽ ഓവർ പ്രോജക്ടുകൾ ആയതിനാൽ കഴിഞ്ഞ വർഷം നില നിന്ന മാർഗരേഖ പ്രകാരം തന്നെ നടപ്പാക്കാവുന്നതാണ്. ഇതനുസരിച്ച് സാങ്കേതിക അനുമതി നൽകാവുന്നതാണ്.

(നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

4.5 **മലപ്പുറം ജില്ലാ കളക്ടറുടെ 03.10.2017-ലെ 833/17-18 /DPC/DPO/മലപ്പുറം - നമ്പർ കത്ത്**

മലപ്പുറം ജില്ലാ പഞ്ചായത്ത് 2016-17-ലെ താഴെപ്പറയുന്ന ജലസേചന പ്രോജക്ടുകൾ 2017-18-ൽ സ്പിൽഓവറായി തുടരുന്നുണ്ട്. (ജനറൽ വിഭാഗം) ഇവയുടെ ഗുണഭോക്തൃ വിഹിതം ഒഴിവാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | പദ്ധതി വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|
| 1 | 493 | മനന്തലക്കടവ് ജലസേചന പദ്ധതി , വാഴക്കാട് | 13,50,000 | 1,50,000 | 15,00,000 |
| 2 | 503 | എം.സി. കെ.റ്റി. കടവ് തട്ടേക്കാട് തോടിന് VCB- ഏ്വലംകുളം | 27,00,000 | 3,00,000 | 30,00,000 |
| 3 | 554 | ബിടാത്തി തോടിന് മണലി ഭാഗത്ത് ചിറ നിർമ്മാണം- ആലിപ്പറമ്പ് | 13,50,000 | 1,50,000 | 15,00,000 |
| 4 | 563 | പനമ്പിലാക്കൽ തോട് വി.സി.ബി. നിർമ്മാണം - പെരുമണ്ണ ക്ലാരി | 18,00,000 | 2,00,000 | 20,00,000 |
| 5 | 570 | തെക്കേപ്പാടം കനാൽ നവീകരണം- മുന്നിയൂർ | 22,50,000 | 2,50,000 | 25,00,000 |
| 6 | 593 | അണ്ണേക്കാട് വി.സി.ബി. നിർമ്മാണം - വെട്ടം | 22,44,175 | 2,49,352 | 24,93,527 |
| 7 | 599 | കൊണ്ടോട്ടി കനാൽ മുതൽ ആലത്തൂർ റോഡ് മുരടാവിൽപടി കനാൽ നിർമ്മാണം - തവനൂർ | 18,00,000 | 2,00,000 | 20,00,000 |

**തീരുമാനം**- അനുമതി നിരസിച്ചു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.6 **പനയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2017-ലെ കത്ത്**

പ്രൈമറി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 168 സെന്റ് സ്ഥലം ആരോഗ്യ വകുപ്പിന് ഉണ്ട്. ഇതിൽ 15 സെന്റ് സ്ഥലം 'സ്നേഹ വീട്' എന്ന പേരിൽ പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് കെട്ടിടം പണിയാൻ വിട്ടു നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം** - വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഐ.എ) വകുപ്പ്)

4.7 **വടകര കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ 05.10.2017-ലെ** VCFPLL/ADMN/067/17-18-**ാം നമ്പർ കത്ത്**

നാളികേരത്തിൽ നിന്ന് ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന കമ്പനിയായ Vadakara Coconut Farmers Producer Company Ltd. (VCFPCL) കമ്പനിയുടെ പ്രവർത്തനം വിപുലപ്പെടുത്താൻ ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്പാദന മേഖലയിൽ നിന്ന് 6.00 ലക്ഷം രൂപ വീതം അനുവദിക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം**- ഇത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.8 **വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.08.2017-ലെ കത്ത്**

ഭിന്നശേഷിക്കാർക്ക് 2015-16-ൽ മുച്ചക്ര വാഹനം നൽകിയിരുന്നു. താൽക്കാലിക രജിസ്ട്രേഷൻ എടുത്താണ് വാഹനം നൽകിയത്. ഇതിൽ ഹനീഫ എം.കെ. (മുസ്ലിയാം വീട്, തൃത്തല്ലൂർ) എന്ന വ്യക്തി വാഹനം വാങ്ങി RTO ഓഫീസിൽ പോയി രജിസ്ട്രേഷൻ നടത്തുന്നതിനു മുൻപ് മരണപ്പെട്ടുപോയി. ഈ വാഹനം മറ്റൊരു വ്യക്തിക്ക് നൽകാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു. ശ്രീ ഹനീഫയുടെ പേരിൽ രജിസ്ട്രേഷൻ നടത്തിയതിനുശേഷമേ പുതിയ ആളുടെ പേരിലേയ്ക്ക് ഉടമസ്ഥത മാറ്റാൻ കഴിയു എന്നതിനാൽ ടാക്സ് അടക്കുന്നതടക്കമുള്ള ചെലവ് പഞ്ചായത്ത് വഹിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** തെരഞ്ഞെടുക്കപ്പെട്ട വ്യക്തി നിർദ്ധന കുടുംബത്തിൽപ്പെട്ട വ്യക്തിയാണ് എന്ന് പഞ്ചായത്ത് അറിയിച്ചതനുസരിച്ച് തനത് ഫണ്ട് ഉപയോഗിച്ച് ഈ ചെലവ് വഹിക്കാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (എഫ്.എം)വകുപ്പ്)

4.9 **ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02.09.2017 -ലെ എസ്.സി.1-101/2017-ാം നമ്പർ കത്ത്**

പഞ്ചായത്തിന് 49,000/- രൂപ റ്റി.എസ്.പിയിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ താമസമില്ല. ഈ തുക പിൻവലിച്ച് കൺസോളിഡേറ്റഡ് അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കാൻ പഞ്ചായത്ത് തീരുമാനിച്ചുവെങ്കിലും നിലവിൽ ഈ തുക കൺസോളിഡേറ്റഡ് അക്കൗണ്ടിൽ തന്നെ കിടക്കുന്നതിനാൽ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. സുലേഖ സോഫ്റ്റ് വെയറിൽ നിന്ന് ഈ തുക ഒഴിവാക്കാൻ ക്രമീകരണം ചെയ്യണമെന്നതു സംബന്ധിച്ച്

**തീരുമാനം-** ഇങ്ങനെയുള്ള TSP ഫണ്ട് സറണ്ടർ ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയം ഭരണ (എഫ്.എം)വകുപ്പ്)

4.10 **പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2017-ലെ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ കട്ടിലും കിടക്കയും നൽകുന്നതിന് പൊതു വിഭാഗത്തിൽ 21,24,000/- രൂപയും എസ്.സി.എസ്.പി. -യിൽ 14,22,000/- രൂപയും വകയിരുത്തി പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം കട്ടിൽ നൽകാൻ അനുമതി നൽകുന്നു. കിടക്ക നൽകാവുന്നതല്ല.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി)വകുപ്പ്)

4.11 **മലപ്പുറം ജില്ലാ കളക്ടറുടെ 28.09.2017-ലെ 833/2017-18/DPC/DPO/Malappuram - നമ്പർ കത്ത്**

നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രമാണിച്ച് മലപ്പുറം ജില്ലയിൽ തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലനിൽക്കുന്നതിനാൽ വാർഷിക പദ്ധതി ഭേദഗതിക്കുള്ള സമയം ഒക്ടോബർ 18 മുതൽ ഒരു മാസം ദീർഘിപ്പിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം-** വാർഷിക പദ്ധതി ഭേദഗതിക്കുള്ള സമയം 06.11.2017-വരെ ദീർഘിപ്പിച്ചു നല്കുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.12 **മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവിംഗ് ടെക്നോളജി മാനേജിംഗ് ഡയറക്ടറുടെ 14.06.2017-ലെ കത്ത്**

പട്ടികജാതി/പട്ടിക വർഗ്ഗ പൊതു വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ഹെവി മെഷീനറികളായ ക്രെയിൻ, ജെ.സി.ബി, ഫോർക്ക് ലിഫ്റ്റ്, ട്രാക്ടർ എന്നിവയുടെ ഓപ്പറേറ്റർ പരിശീലനം കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം** – ഈ ആവശ്യം അക്രഡിറ്റേഷൻ കമ്മിറ്റിക്ക് നൽകണം. അക്രഡിറ്റേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.13 **ആലംകോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.08.2017-ലെ കത്ത്**

2016-17 വർഷം പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി ശ്രീ.രശ്മി, തെക്കേക്കര. പി.ഒ, കോക്കൂർ എന്ന ആൾക്ക് 28.03.2017-ൽ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തു. എന്നാൽ രജിസ്ട്രേഷൻ രേഖകളും മറ്റും നൽകാൻ വൈകിയതിനാൽ ധനസഹായം നൽകിയില്ല. ഈ തുക നൽകാൻ സ്പിൽ ഓവറായി പ്രോജക്ട് എടുത്തിരുന്നുവെങ്കിലും പിശക് മൂലം പുതിയ പ്രോജക്ടായാണ് ഉൾപ്പെടുത്തിയത്. ലൈഫ് പദ്ധതി ഉള്ളതിനാൽ വെറ്റിംഗ് ഓഫീസർ വെറ്റ് ചെയ്യുന്നില്ല. പ്രത്യേക പരിഗണന നൽകി ഈ തുക നൽകുന്നതിനുള്ള പുതിയ പ്രോജക്ടിന് അംഗീകാരം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം-** പ്രത്യേക അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി)വകുപ്പ്)

4.14 **തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 09.10.2017-ലെ** P1-315/2017/TDP **നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയിലെ 03.10.2017-ലെ തീരുമാനവും (ഖണ്ഡിക 4.10)**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭിന്നശേഷിയുള്ള കുഞ്ഞുങ്ങളുടെ സമഗ്ര ചികിത്സ എന്ന പദ്ധതി (സ്നേഹധാര) നടപ്പാക്കുന്നുണ്ട്. ഈ വർഷത്തെ അടങ്കൽ 55 ലക്ഷം രൂപ. പ്രോജക്ട് നം.1162/18. സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിമാന്ദ്യം, ഹൈപ്പർ ആക്ടിവിറ്റി എന്നിവയ്ക്ക് ആയുർവേദ ചികിത്സയോടൊപ്പം ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, മനഃശാസ്ത്ര ചികിത്സ എന്നിവയും നൽകുന്നു. പൂജപ്പുര ആയുർവേദ ആശുപത്രി കേന്ദ്രീകരിച്ച് നടത്തി വരുന്ന പ്രസ്തുത ചികിത്സക്ക് ഈ വർഷം മുതൽ വർക്കല, പാലോട്, കിഴവിലം, പാറശ്ശാല എന്നീ ആയുർവേദ ആശുപത്രിയിൽക്കൂടി പെരിഫറൽ ഒ.പി. ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി തീരുംവരെ താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ ആളുകളെ നിയമിക്കണമെന്ന ആവശ്യം 03.10.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നു. ഈ പരിപാടിയുടെ വിശദാംശങ്ങൾ നൽകാൻ ജില്ലാപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ട് നൽകി. 2014-15-ൽ 25.00 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ വകയിരുത്തി ആരംഭിച്ച പരിപാടിയാണ് ഇതെന്നും അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

| ക്രമ നം | തസ്തിക | എണ്ണം | പ്രതിമാസ ഓണറേറിയം |
|---|---|---|---|
| 1 | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ | 1 | 39,000/- രൂപ |
| 2 | പഞ്ചകർമ്മ തെറാപ്പിസ്റ്റ് | 2 | 24,000/ രൂപ |
| 3 | ഫിസിയോ തെറാപ്പിസ്റ്റ് | 1 | 15,000/ രൂപ |
| 4 | സ്പീച്ച് തെറാപ്പിസ്റ്റ് | 1 | 15,000/- രൂപ |
| 5 | നഴ്സ് | 1 | 15,000/- രൂപ |
| 6 | ക്ലാർക്ക് | 1 | 18,000/ രൂപ |
| 7 | സാനിട്ടേഷൻ വർക്കർ | 1 | 12,000/- രൂപ |

**തീരുമാനം-** ക്ലാർക്ക്, സാനിട്ടേഷൻ വർക്കർ എന്നിവരെ ഒഴിച്ച് ബാക്കിയുള്ളവരെ നിയമിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു. ഇതിന്റെ ഗുണഭോക്താക്കൾക്ക് ലഭിച്ച പ്രയോജനം സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് നിർവഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണം. കൂടാതെ

ഇതിന്റെ നിർവഹണം സോഷ്യൽ ഓഡിറ്റിനു വിധേയമാക്കണം.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.15 **വരാപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11.10.2017-ലെ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഭവനരഹിതർക്ക് വീടിന് 20.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട് (16,47,200 രൂപ വികസന ഫണ്ടും 3,52,800 രൂപ തനത് ഫണ്ടും). എന്നാൽ പഞ്ചായത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി പണി പൂർത്തിയാക്കാനുള്ള വീടുകൾ ഒന്നും തന്നെ ഇല്ല. അതിനാൽ ഈ പ്രോജക്ട് ഒഴിവാക്കി ഈ തുക ഉപയോഗിച്ച് വരാപ്പുഴ കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് പഞ്ചായത്തിൽ കെട്ടിടം പണിയുന്നതടക്കം മറ്റു പ്രോജക്ടുകൾ എടുക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം-** പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം സ്ഥലം വാങ്ങുന്നതിനും വീടു പണിയുന്നതിനും തുക ഉപയോഗിക്കാവുന്നതാണ്. കെ.എസ്.ഇ.ബി. ഓഫീസിന്റെ പ്രവർത്തനത്തിന് കെട്ടിടം പണിതു നൽകേണ്ടതില്ല.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.16 **മലപ്പുറം ജില്ലാ കളക്ടറുടെ 16.09.2017-ലെ** 833/2017-18/DPC/DPO/MPM**/നമ്പർ കത്ത് (വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച്)**

2017--18 വാർഷിക പദ്ധതിയിൽ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന എസ്.സി. വനിതകൾക്ക് ലാപ് ടോപ് നൽകുന്നതിന് പ്രോജക്ട് വകയിരുത്തിയിട്ടുണ്ട്. (പ്രോ.നം. 18, അടങ്കൽ 22,72,350/-വനിതാ ഘടക പദ്ധതി ) ഇത് വെറ്റിംഗ് ഓഫീസറും ജില്ലതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകരിച്ചില്ല. ജില്ലാ ആസൂത്രണസമിതി തീരുമാനപ്രകാരം അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയിരിക്കുന്നു. അനുമതി സംബന്ധിച്ച്

**തീരുമാനം-** ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗുണഭോക്തൃ ലിസ്റ്റ പ്രകാരം നൽകാൻ പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളുടേയും പട്ടികജാതി വികസന വകുപ്പിന്റേയും ഇതേ പരിപാടിയുമായി ഇരട്ടിപ്പ് ഉണ്ടാകരുത്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്)

4.17 **പെരിങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2017-ലെ A1-4094-ാം നമ്പർ കത്തും 20.02.2017-ലെ 2(2)ാം നമ്പർ ഭരണ സമിതി തീരുമാനവും. അപ്പർ കുട്ടനാട് നെൽ കർഷക സമിതി പ്രസിഡന്റിന്റെ കത്തും 10.05.2017-ലേയും 24.05.2017-ലേയും കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങളും ( ഖണ്ഡിക 3.17 ഉം, 3.13 ഉം)**

നെൽക്കൃഷിക്കുവേണ്ടി നിലം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്തിനോടൊപ്പം 50 ശതമാനം വിഹിതം ബ്ലോക്ക്/ ജില്ലാപഞ്ചായത്തിന് വകയിരുത്താമെന്നാണ് മാർഗരേഖയിൽ പറയുന്നത്. ഈ അനുപാതം ഒഴിവാക്കി നൽകണമെന്നും ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുമായി ചേർന്ന് കളനാശിനി, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ നൽകുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഇതേ വിഷയം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.05.2017, 24.05.2017 തീയതികളിലെ യോഗങ്ങളിൽ ചർച്ച ചെയ്തിരുന്നു. അപ്പർ കുട്ടനാട് മേഖലയിൽ കൂലി ചെലവിന്റെ 60 ശതമാനം ജില്ലാ പഞ്ചായത്തിനു ചെലവഴിക്കാൻ പ്രത്യേക അനുമതി നൽകിയിരുന്നു. എന്നാൽ മതിയായ തുക ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താൻ കഴിയില്ലാത്തതിനാൽ മുഴുവൻ തുകയും ജില്ലാ പഞ്ചായത്ത് വകയിരുത്തി ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം-** ഇത് ജില്ലാ പഞ്ചായത്ത് മുൻപ് ആവശ്യപ്പെട്ടിരുന്നതിനാലും അപ്പർ കുട്ടനാട് മേഖല ആയതിനാലും ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.18 **ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.09.2017-ലെ കത്ത്**

2017-18 വാർഷിക പദ്ധതിയിൽ 'മാലിന്യ സംസ്കരണം' എന്ന പേരിൽ പ്രോജക്ടിന് ജില്ലാ അസൂത്രണസമിതിയുടേയും വെറ്റിംഗ് ഓഫീസറുടേയും അംഗീകാരം ലഭിച്ചിട്ടുണ്ട്. (അടങ്കൽ 13,50,000/- രൂപ). എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് കളക്ഷൻ സെന്ററിൽ എത്തിച്ച് റീ സൈക്ലിംഗ് ഏജൻസിക്ക് കൈമാറുക, ജംഗ്ഷനുകളിൽ ബിന്നുകൾ സ്ഥാപിക്കുക, പരിസ്ഥിതി സൗഹൃദ ക്യാരി ബാഗ്, വലിയ ചണ സഞ്ചി എന്നിവ സൗജന്യമായി നൽകുക, ജംഗ്ഷനുകളിൽ സി.സി. ക്യാമറ സ്ഥാപിക്കുക എന്നിവയാണ് പ്രവർത്തനങ്ങൾ

സബ്സിഡി മാർഗരേഖയിൽ ഇവ ഇല്ലാത്തതിനാൽ സർക്കാർ അനുമതി വാങ്ങണമെന്ന് നിർവഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് പ്രത്യേക അനുമതി നൽകണമന്നതു സംബന്ധിച്ച്.

**തീരുമാനം-** അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്)

4.19 **പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22.08.2017-ലെ** A3-2128/2017-**ാം നമ്പർ കത്ത്**

അങ്കണവാടി കെട്ടിട നിർമ്മാണത്തിന് 2014-15 വർഷം 8,10,000/- രൂപ വകയിരുത്തി പ്രോജക്ട് ആരംഭിച്ചു. 2015-16 വർഷം പൂർത്തിയാക്കി. (നബാർഡ് വിഹിതം 6,88,000/- രൂപ, തനത് ഫണ്ട് 1,22, 000/- രൂപ). തനത് ഫണ്ട് വിഹിതം ചെലവഴിച്ചു. നബാർഡ് വിഹിതം ലഭിച്ചില്ല. അതിനാൽ ബില്ല് പ്രകാരം ബാക്കിയുള്ള 6,63,019/- രൂപ നൽകിയില്ല. ഈ പ്രോജക്ട് അബദ്ധവശാൽ പൂർത്തിയായി എന്ന് സുലേഖാ സോഫ്റ്റ് വെയറിൽ ചേർത്തതിനാൽ സ്പിൽ ഓവറാക്കാൻ കഴിയുന്നില്ല. സ്പിൽഓവറാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** പുതിയ പ്രോജക്ട് തയ്യാറാക്കി ബിൽ തുക നൽകാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഇ.പി.എ) വകുപ്പ്)

4.20 **ആലപ്പുഴ ജില്ലാ കളക്ടറുടെ 11.10.2017-ലെ 100/17/**DPC/DPO/Alpy**നമ്പർ കത്ത്**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട നൂതന പ്രോജക്ട് എന്ന നിലയിൽ 'ടൂറിസം വികസന പദ്ധതി (കാഴ്ചവട്ടം)' എന്ന പ്രോജക്ട് എടുത്തിട്ടുണ്ട്. അടങ്കൽ 10 ലക്ഷം രൂപ (പ്ലാൻ ഫണ്ട് 7,61,447/-രൂപ, തനത് ഫണ്ട് 2,38,553/- രൂപ). ഇത് വെറ്റ് ചെയ്യാനുള്ള ഉദ്യോഗസ്ഥനെ നിശ്ചയിച്ച് നൽകണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം-** ടൂറിസം പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ടൂറിസം ഡെപ്യൂട്ടി ഡയറക്ടറെ/ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.21 **ബഹു. ചെങ്ങന്നൂർ എം.എൽ.എയുടെ 27.03.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2017-ലെ** D-**170/17-ാം നമ്പർ കത്തും**

വാർഷിക പദ്ധതിയിൽ 40 കുടുംബശ്രീ/നീർത്തട ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. 8 ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ അംഗീകരിച്ചു നൽകുന്ന ലിസ്റ്റ് പ്രകാരം അർഹരായ കുടുംബശ്രീ/ജെ.എൽജി ഗ്രൂപ്പുകൾക്ക് (വായ്പാധിഷ്ഠിത സംരംഭകർക്ക്) റിവോൾവിംഗ് ഫണ്ട് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** വായ്പാ ബന്ധിതമായി ജെ.എൽ.ജി.കൾക്ക് (ഗ്രൂപ്പുകൾ) ആയതിനാൽ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്)

4.22 **ബഹു ചെങ്ങന്നൂർ എം.എൽ.എയുടെ 27.09.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 26.09.2017-ലെ** D/170/17-ാം **നമ്പർ കത്തും.**

വാർഷിക പദ്ധതിയിൽ 5 പേർ അടങ്ങുന്ന 16 വനിതാ ഗ്രൂപ്പുകൾക്ക് കറവ പശു വാങ്ങി നൽകുന്നതിന് 20.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. മാർഗരേഖ പ്രകാരം ഇവ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രമേ നടപ്പാക്കാൻ കഴിയൂ എന്ന കാരണത്താൽ വെറ്റിംഗ് ഓഫീസറും അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം-** വനിതാ ഗ്രൂപ്പുകൾക്കായതിനാൽ പ്രത്യേക അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി)വകുപ്പ്)

4.23 **ബഹു ചെങ്ങന്നൂർ എം.എൽ.എയുടെ 27.09.2017-ലെ കത്തും ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 23.09.2017-ലെ കത്തും.**

ചെങ്ങന്നൂർ ബ്ലോക്ക് പരിധിയിൽ പ്രവർത്തിച്ചു വരുന്ന കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി പാലിയേറ്റീവ് പരിചരണം, ജൈവ പച്ചക്കറികൃഷി, ക്ഷീര വികസനം എന്നീ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. ഈ സ്ഥാപനവുമായി ചേർന്ന് ത്രിതല പഞ്ചായത്തുകൾ നൂതന പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് ബഹു. ചെങ്ങന്നൂർ എം.എൽ.എ ആവശ്യപ്പെട്ടതനുസരിച്ച് പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** മാർഗ്ഗരേഖ പ്രകാരം അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാതല പരിശോധനയ്ക്ക് വിധേയമാക്കി ജില്ലാ ആസൂത്രണസമിതിക്കു സമർപ്പിക്കണം. മാനദണ്ഡ പ്രകാരം സർക്കാർ പരിഗണിക്കേണ്ട വിഷയമുണ്ടെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് സമർപ്പിക്കണം.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി)വകുപ്പ്)

4.24 **വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2017-ലെ** G1- **583/17-ാം നമ്പർ കത്ത്.**

2015-16 വർഷം ഇടുക്കി ജില്ലാ ബാങ്കിൽ നിന്ന് 2.14 കോടി രൂപ വായ്പയെടുത്ത് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലും ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലും ജവഹർ ഭവന പദ്ധതി നടപ്പാക്കി വരുന്നു. വാർഷിക പലിശയായി 6,53,742/- രൂപ പഞ്ചായത്ത് അടയ്ക്കണം. ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തുമായി ചേർന്നാണ്

വായ്പയെടുത്തത്. ഗ്രാമപഞ്ചായത്തിനു തനത് ഫണ്ട് കുറവായതിനാൽ വാർഷിക പലിശ തിരിച്ചടവ് വികസന ഫണ്ടിൽ നിന്നു എടുക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നൽകിയപ്പോൾ പലിശ തനത് ഫണ്ടിൽ നിന്നും മുതൽ വികസനഫണ്ടിൽ നിന്നും അടക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. തനത് ഫണ്ട് ലഭ്യത പെർഫോർമൻസ് ഓഡിറ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും

(നടപടി:- തദ്ദേശസ്വയം ഭരണ (എ.എ) വകുപ്പ്)

**4.25 ബഹു. കയ്പമംഗലം എം.എൽ.എ.യുടെ 26.09.2017-ലെ കത്തും എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 10.08.2017-ലെ 4-ാം നമ്പർ ഭരണസമിതി തീരുമാനവും**

പോർട്ടബിൾ ബയോബിൻ നൽകുന്നതിന് 12.00 ലക്ഷം രൂപ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഒരു ബയോ ബിന്നിന് 360/- രൂപയാണ് വില. ഇത് 100 ശതമാനം സബ്സിഡിയോടെ നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** അനുമതി നിരസിച്ചു. മാർഗരേഖ പ്രകാരമുള്ള സബ്സിഡി നിരക്ക് പാലിക്കണം.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

**4.26 വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.09.2017-ലെ - G1-583/17-ാം നമ്പർ കത്ത്**

പഞ്ചായത്ത് ഈ വർഷം ആശ്രയ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ, പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് സ്ഥലം വാങ്ങൽ, പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണം എന്നീ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. മാർഗരേഖയിൽ ലൈഫ് പദ്ധതി മാനദണ്ഡ പ്രകാരം നടപ്പാക്കണമെന്നാണ് നിർദ്ദേശമെന്നതിനാൽ ഈ വർഷത്തേയ്ക്ക് ഈ പ്രോജക്ടുൾ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം-** പൊതു തീരുമാനം ഖണ്ഡിക 3.3.ബാധകമാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

**4.27 ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23.09.2017-ലെ C1-1936/17ാം നമ്പർ കത്ത്.**

2014-15-ൽ മൂർത്തിനട - മാങ്കുളം റോഡ് (SCSP) എന്ന പ്രോജക്ട് ഏറ്റെടുത്തിരുന്നു. 04.03.2016-ൽ പ്രോജക്ട് പൂർത്തിയായി. 2016-17-ൽ ഈ പ്രോജക്ട് സ്പിൽഓവറായി എടുക്കാൻ വിട്ടുപോയി. 2017-18-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി ബിൽ തുക (1,22,281/- രൂപ) നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** സ്പിൽ ഓവറായി ഇനി എടുക്കാവുന്നതല്ല. ബിൽ തുക നൽകാനായി പുതിയ പ്രോജക്ട് എടുക്കാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

**4.28 കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് (ലഭിച്ചത് 10.10.2017-ൽ)**

പാടശേഖര സമിതികൾക്ക് മോട്ടോർ പമ്പ് സെറ്റ് വാങ്ങി നൽകാൻ 2016-17-ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഈ വർഷം സ്പിൽഓവർ ആയി തുടരുന്നു. ഈ പ്രോജക്ട് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം–** അനുമതി നിരസിച്ചു. 2016-17 വർഷം നിലനിന്ന മാർഗരേഖ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം വേണം.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്)

**4.29 പത്തനംതിട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ 19.09.2017-ലെ** D3-119/17-**ാം നമ്പർ കത്തും റാന്നി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.07.2017-ലെ** A3-140/17-**ാം നമ്പർ കത്തും**

റാന്നി ബ്ലോക്ക് പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിൽ താലൂക്ക് ആശുപത്രിക്ക് അടിസ്ഥാന വികസനത്തിനായി സ്ഥലം വാങ്ങുന്നതിന് 80 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്. വെറ്റിംഗ് ഓഫീസർ അംഗീകരിച്ചു. വില നിശ്ചയിച്ച് തഹസിൽദാർ സാക്ഷ്യ പത്രം നൽകിയിട്ടുണ്ട്. സ്ഥലം വാങ്ങാൻ അനുമതി സംബന്ധിച്ച്

**തീരുമാനം-** വില നിശ്ചയിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന നിബന്ധനയോടെ സ്ഥലം വാങ്ങാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്)

**4.30 വിജയപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ** A1-4123/17-**ാം നമ്പർ കത്ത്** – (LSGD – DA1/603/2017-LSGD)

(i) അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - എയർ കണ്ടീഷണിംഗ് (പ്രോ.നം.144/18) എന്ന പ്രോജക്ട് ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിരുന്നു. അങ്കണവാടികൾ എയർ കണ്ടീഷൻ ചെയ്യാൻ അനുമതി ആവശ്യപ്പെട്ടിരുന്നെങ്കിലും 12.07.2017-ലെ കോഓർഡിനേഷൻ

കമ്മിറ്റി അംഗീകാരം നൽകിയിരുന്നില്ല. അനുമതി നൽകണമെന്ന് വീണ്ടും ആവശ്യപ്പെട്ടിരിക്കുന്നതു സംബന്ധിച്ച്.

**തീരുമാനം-** അനുമതി നിരസിച്ചു. അങ്കണവാടികൾ എയർ കണ്ടീഷനിംഗ് ചെയ്യാൻ പ്രോജക്ട് നടപ്പാക്കാവുന്നതല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി പൊതു തീരുമാനമെടുത്ത് പഞ്ചായത്തിനെ അറിയിച്ചതിനുശേഷവും വീണ്ടും കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയക്ക് നൽകുന്ന രീതി ശരിയല്ല എന്ന് യോഗം നിരീക്ഷിച്ചു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

(ii) പൊതു കുളിക്കടവുകൾ പുനരുദ്ധരിക്കുന്നതിന് പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലുള്ള കാറ്റഗറി ഇല്ലാത്തതിനാലും പ്രോജക്ട് നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ ക്രമീകരണം ചെയ്യണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു.

**അഭിപ്രായക്കുറിപ്പ്**- പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

4.31 **ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.09.2017-ലെ കത്ത്**

21.06.2017-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓച്ചിറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഈവനിംഗ് ഒ.പി.യിലേയ്ക്ക് ഒരു ഡോക്ടറേയും നഴ്സിനേയും ലാബ് ടെക്നീഷ്യനേയും നിയമിച്ചിരുന്നു. ഇവരുടെ കാലാവധി 06.10.2017-വരെയായിരുന്നു. ഇവരുടെ സേവനം തുടർന്ന് ലഭ്യമാക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം**— ആവശ്യമനുസരിച്ച് നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡ പ്രകാരം ഡോക്ടറെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാം എന്നാണ് സർക്കാർ ഉത്തരവ്. ഇതിൽ കാലാവധി പറഞ്ഞിട്ടില്ല. അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്)

**4.32 പൊന്നാനിയിലെ ശ്രീ.ഉണ്ണികൃഷ്ണൻ അടക്കം ഒരു കൂട്ടം കരാറുകാരുടെ 15.06.2017-ലെ കത്ത് (ലഭിച്ചത് 09.10.2017)**

പൊന്നാനി ബ്ലോക്കിൽ പല സ്ഥലങ്ങളിലായി ടാറിംഗ് പ്രവർത്തികൾക്ക് ആവശ്യമായ ബിറ്റുമിനും എമൽഷനും എറണാകുളത്തുള്ള 'ബിറ്റുമിക്സ്' എന്ന സ്ഥാപനത്തിൽ നിന്നു വാങ്ങിയാണ് ഉപയോഗിച്ചത്. ആവശ്യമായ ബിറ്റുമിൻ IOC തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം വന്നതിനാലാണ് ഇപ്രകാരം സ്വകാര്യ കമ്പനിയിൽ നിന്നു വാങ്ങിയത്. സ്വകാര്യ കമ്പനിയിൽ നിന്നും ബിറ്റുമിൻ വാങ്ങി ടാറിംഗ് നടത്തിയതിനാൽ ബിൽ മാറി ലഭിക്കുന്നില്ല. 50.00 ലക്ഷം രൂപയുടെ ബില്ലുകൾ പാസാകാനുണ്ട്. ഈ തുക നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം–** നിർമ്മാണം പൂർത്തിയായ സ്ഥിതിക്ക് അനുമതി നൽകുന്നു. ഇനിയും ഇപ്രകാരം സ്വകാര്യ കമ്പനികളിൽ നിന്ന് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കരുതെന്ന നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്)

**4.33 മലപ്പുറം ജില്ലാ കളക്ടറുടെ 16.09.2017-ലെ 833/2017-18/DPC/DPO/MPM നമ്പർ കത്തും പെരുമണ്ണക്ലാരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.07.2017-ലെ E3-നമ്പർ കത്തും.**

2016-17-ലെ 82/17-ാം നമ്പറായും 2017-18 സ്പിൽഓവറായി തുടരുന്നതുമായ അജൈവ മാലിന്യങ്ങൾക്ക് പ്ലാസ്റ്റിക് ബിൻ നൽകൽ എന്ന പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച് ചില കൂട്ടിച്ചേർക്കൽ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. വീട്ടുകാർ പ്ലാസ്റ്റിക് ബിന്നുകളിൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ കുടുംബശ്രീ പ്രവർത്തകർ ശേഖരിക്കുന്ന രീതിയും ഫീസ് ഈടാക്കുന്ന വ്യവസ്ഥകളും മറ്റുമാണ് പ്രോജക്ടിൽ ചേർക്കാൻ വിട്ടുപോയത്. ഈ നിബന്ധനകൾ ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം–** സ്പിൽഓവർ പ്രോജക്ടായതിനാൽ ഭേദഗതിക്ക് സൗകര്യമില്ല. പ്രോജക്ടിന്റെ നടത്തിപ്പ സംബന്ധിച്ച കൂട്ടിച്ചേർക്കലുകളായതു കൊണ്ട് നടത്തിപ്പ രീതി നിശ്ചയിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ മിനിട്സിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.സി) വകുപ്പ്)

**4.34 പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 15.09.2017-ലെ കത്ത് .**

പറളി, മങ്കര ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്ന ജലനിധി പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട് അപര്യാപ്തമായതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിന് താഴെപ്പറയുന്ന പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചിട്ടുണ്ട്.ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | ജലനിധി – മങ്കര ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം (ജനറൽ) | 8,00,000/- ലക്ഷം രൂപ |
| 2 | ജലനിധി – പറളി ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം (ജനറൽ) | 15,00,000/- ലക്ഷം രൂപ |
| 3 | ജലനിധി – മങ്കര ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം (SCSP) | 24,00,000/- ലക്ഷം രൂപ |
| 4 | ജലനിധി – പറളി ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വിഹിതം (SCSP) | 24,00,000/- ലക്ഷം രൂപ |

**തീരുമാനം–** ക്രമനം. 1,2 ഇവയ്ക്ക് അനുമതി നൽകുന്നു.

**ക്രമനം.** 3,4 എസ്.സി.എസ്.പി. പ്രോജക്ടായതിനാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും വേണമെന്ന നിബന്ധന പാലിച്ചു നടപ്പാക്കാൻ അനുമതി നൽകുന്നു.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ഡി) വകുപ്പ്)

## 4.35 ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 28.09.2017-ലെ PL- 4463/17-ാം നമ്പർ കത്ത്.

2017-18 വാർഷിക പദ്ധതിയിലെ താഴെപ്പറയുന്ന പ്രോജക്ടുകൾ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയിൽ അംഗീകാരത്തിനു സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചില്ല. ഇവയ്ക്ക് അനുമതി നൽകണമന്നത് സംബന്ധിച്ച്

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | അപ്പലേറ്റ് കമ്മിറ്റിയുടെ തീരുമാനം/കുറിപ്പ് |
|---|---|---|---|---|
| 1 | 346/18 | പ്രതിഭകളെ ആദരിക്കൽ | 8,00,00/- രൂപ | മാർഗരേഖ പ്രകാരം അനുവദനീയമല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു. (നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |
| 2 | 497/18 | നെടുമുടി വാർഡ് – മണത്രാക്കൽ പാടശേഖര പുറം ബണ്ട് മുട്ടുങ്കൽ പാലം മുതൽ ചാവേലി പാലം വരെ | 9,00,000/- രൂപ 1,00,000/- രൂപ (ഗുണഭോക്തൃ വിഹിതം) | ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു. (നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |

| | | | | |
|---|---|---|---|---|
| 3 | 527/18 | ചെറുതന ഗ്രാമപഞ്ചായത്തിലെ ഇലവദനം പള്ളിവാതുക്കൽ ബണ്ട് നിർമ്മാണം | 9,00,000/- രൂപ + 1,00,000/- (ഗുണഭോക്തൃ വിഹിതം) | ഉല്പാദന മേഖലയിൽ അനുവദനീയമല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു. | | | | |
| 4 | 545/18 | നീലംപേരൂർ നാരകത്തറ കിളിയങ്കാവ് പാടശേഖരം പള്ളത്തുവരെ ബണ്ട് നിർമ്മാണം | 9,00,000/- രൂപ + 1,00,000/- രൂപ (ഗുണഭോക്തൃ വിഹിതം | ഉല്പാദന മേഖലയിൽ അനുവദനീയമല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |
| 5 | 547/18 | പുളിങ്കുന്ന് മേച്ചേരി വക പാടശേഖരം മോഴൂർ ജംഗ്ഷൻ മുതൽ ബണ്ട് നിർമ്മാണം | 9,00,000/- രൂപ + 1,00,000/- രൂപ (ഗുണഭോക്തൃ വിഹിതം | ഉല്പാദന മേഖലയിൽ അനുവദനീയമല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |
| 6 | 560/18 | മൂപ്പംവെല്ലി കൊണ്ടന്നൂർ പാടശേഖര ബണ്ട് നിർമ്മാണം | 7,20,000 + 80,000/-രൂപ (ഗുണഭോക്തൃ വിഹിതം ) | നിരസിച്ചു |
| **തീരുമാനം** – അനുമതി നിരസിച്ചു<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |
| 7 | 543/18 | വെളിയനാട് കുന്നംകാവി പറമ്പടി പാടശേഖരം - മന്നത്തു പാലം ചെറുവള്ളികാവ് ബണ്ട് | 9,00,000/- രൂപ + 1,00,000/- രൂപ (ഗുണഭോക്തൃ വിഹിതം | ഉല്പാദന മേഖലയിൽ അനുവദനീയമല്ല. |
| **തീരുമാനം** – അനുമതി നിരസിച്ചു.<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്) | | | | |
| 8 | 540/18 | വെളിയനാട് പടിഞ്ഞാറെ വെളിമ്പ്രാക്ക പാടശേഖരം പി.ഡബ്ല്യൂ.ഡി. റോഡ് മുതൽ ശ്മശാനം വരെ ബണ്ട് നിർമ്മാണം | 10,80,000/- രൂപ + 1,20,000 രൂപ (ഗുണഭോക്തൃ വിഹിതം) | ഉല്പാദന മേഖലയിൽ അനുവദനീയമല്ല. |

<table>
<tr><td colspan="5">തീരുമാനം – അനുമതി നിരസിച്ചു<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
<tr><td>9</td><td>548/18</td><td>നീലം പേരൂർ എച്ച് ബ്ലോക്ക് കായൽ വാച്ചാൽ ആഴം കൂട്ടൽ</td><td>7,20,000/ രൂപ<br>+<br>80,000 /- രൂപ<br>ഗുണഭോക്തൃ വിഹിതം</td><td>ഉല്പാദന മേഖലയിൽ അനുവദനീയമല്ല.</td></tr>
<tr><td colspan="5">തീരുമാനം – അനുമതി നിരസിച്ചു</td></tr>
<tr><td>10</td><td>344/18</td><td>ഖാദി നൂല്പ് കേന്ദ്രങ്ങളിൽ ചർക്ക വാങ്ങൽ</td><td>15,00,000/- രൂപ</td><td>മാർഗരേഖ പ്രകാരം ജില്ലാ പഞ്ചായത്തിന് എടുക്കാൻ പാടില്ല.</td></tr>
<tr><td colspan="5">തീരുമാനം – വിശദാംശങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്ത് സമർപ്പിക്കണം. അതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്.</td></tr>
<tr><td>11</td><td>8/18</td><td>വൈക്കോൽ ബെയിലിംഗ് യൂണിറ്റ്</td><td>5,00,000/- രൂപ</td><td>പ്രോജക്ട് അപൂർണ്ണമാണ്.</td></tr>
<tr><td colspan="5">തീരുമാനം – വിശദാംശങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രോജക്ട് ഭേദഗതി ചെയ്ത് സമർപ്പിക്കണം. അതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്. പദ്ധതി അടങ്കൽ മാർഗ്ഗരേഖ പ്രകാരമായിരിക്കണം.<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
<tr><td>12</td><td>579/18</td><td>പാലിയേറ്റീവ് കെയർ പ്രവർത്തനത്തിന് അംഗീകൃത സൊസൈറ്റികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ</td><td>25,00,000/- രൂപ</td><td>ഏജൻസികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നത് അനുവദനീയമല്ല.</td></tr>
<tr><td colspan="5">തീരുമാനം – ജില്ലാ മെഡിക്കൽ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കിക്കൊണ്ട് വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കണം.<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
<tr><td>13</td><td>41/18</td><td>നെൽക്കൃഷി അസാധ്യമായ പാടശേഖരങ്ങളെ പാരിസ്ഥിതിക കേന്ദ്രങ്ങളാക്കുക. നെൽക്കൃഷി അസാദ്ധ്യമായ കുട്ടനാട്ടിലെ പാടശേഖരങ്ങളെ ശുദ്ധജല സംഭരണ കേന്ദ്രങ്ങ ളാക്കുക വഴി ഭൂഗർഭ ജലത്തിന്റെ ലഭ്യത വർദ്ധിപ്പിച്ച് വേനൽക്കാലങ്ങളിൽ ജല ലഭ്യത വരുത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ള പ്രോജക്ട്</td><td>40,00,000/- രൂപ</td><td>നിരസിച്ചു.</td></tr>
<tr><td colspan="5">തീരുമാനം – MGNREGS ന്റെ സാധ്യത കൂടി പ്രോജക്ടിൽ ഉൾപ്പെടുത്തി വിശദാംശങ്ങൾ ചേർത്ത് സമർപ്പിക്കണം<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
</table>

<table>
<tr><td>14</td><td>224/18</td><td>തീരദേശ മേഖലയിലും കുട്ടനാടൻ മേഖലയിലും കുടിവെള്ള സംഭരണി (സംയുക്ത പദ്ധതി)</td><td>30,00,000/- രൂപ</td><td>മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തു കൾക്കും നഗരസഭ കൾക്കും മാത്രമെടുക്കാവുന്ന പ്രോജക്ട്.</td></tr>
<tr><td colspan="5">തീരുമാനം – പ്രോജക്ടിന്റെ വിശദാംശങ്ങൾ സമർപ്പിച്ചിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തി സമർപ്പിക്കണം.<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
<tr><td>15</td><td>369/18</td><td>അംഗീകൃത ഗ്രന്ഥശാലകൾക്കും സാംസ്കാരിക സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറും പുസ്തകങ്ങളും വാങ്ങി നൽകൽ</td><td>40,00,000/- രൂപ</td><td>മതിയായ പരിശോധനാ റിപ്പോർട്ടില്ല,</td></tr>
<tr><td colspan="5">തീരുമാനം – വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇത് കൂടി ഉൾപ്പെടുത്തി സമർപ്പിക്കണം.<br>(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)</td></tr>
</table>

4.36 **തിരുവനന്തപുരം ജില്ലാ കളക്ടറുടെ 12.10.2017-ലെ** PLG-500/2017-18/DPC/DPO/TVPM **നമ്പർ കത്ത്**

മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും PMAY പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. PMAY പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ് പ്രകാരം രൂപികരിച്ച ലിസ്റ്റിൽ നിന്നാണ്. പ്രസ്തുത ലിസ്റ്റ് പ്രകാരം പല തദ്ദേശഭരണ സ്ഥാപനങ്ങളിലും ഗുണഭോക്താക്കൾ ഇല്ല. അതിനാൽ ഇങ്ങനെ മാറ്റി വച്ച തുക ചെലവഴിക്കാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം**– പൊതു തീരുമാനം ഖണ്ഡിക 3.3 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. ഈ തുക ലൈഫ് ലിസ്റ്റ പ്രകാരമുള്ള ഭവന നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

(നടപടി:- തദ്ദേശസ്വയം ഭരണ (ഡി.ബി) വകുപ്പ്)

4.37 **പഞ്ചായത്തു ഡയറക്ടറുടെ 15.09.17 ലെ J-272589/17-ാം നമ്പർ കത്തും കല്ലിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.08.2017 – ലെ A2-560/14/17-ാം നമ്പർ കത്തും (LSGD-DA3/398/2017-LSGD)**

കല്ലിയൂർ ഗ്രാമപഞ്ചായത്ത് 2016-17 ൽ എൽ.ഇ.ഡി തെരുവുവിളക്ക വാങ്ങൽ എന്ന പ്രോജക്ടിന് (പ്രോ.നം. 8/17) 48.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നു. പ്രവർത്തി ടെണ്ടർ ചെയ്തപ്പോൾ കല്ലൂർ

ഇലക്ട്രോണിക്സ് എന്ന സ്ഥാപനം ഏറ്റവും കുറവ് തുക നൽകി. ഇവരുടെ സാമ്പിൾ തിരുവനന്തപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് പരിശോധിച്ച് ടെസ്റ്റ് റിപ്പോർട്ട് നൽകി. എന്നാൽ ടെസ്റ്റ് റിപ്പോർട്ടുമാത്രം പോരെന്നും ബി.ഐ.എസ്. സർട്ടിഫിക്കേഷനും വേണമെന്ന് ഇലക്ട്രിക് ഇൻസ്പെക്ടറേറ്റ് റിപ്പോർട്ട് നൽകി. ടെണ്ടറിൽ പങ്കെടുത്ത കമ്പനിക്കൊന്നും ബി.ഐ.എസ്. സർട്ടിഫിക്കേഷനില്ല. ബി.ഐ.എസ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്താൻ കേരളത്തിൽ സൗകര്യമില്ല. ഇത് ഉറപ്പു വരുത്താൻ ബാംഗ്ലൂർ പ്രവർത്തിക്കുന്ന Central Power Research Institute – ലെ പരിശോധന ആവശ്യമുണ്ട്. ഇവിടെ രണ്ടു സാമ്പിളുകൾ പരിശോധിക്കാൻ ഫീസായി 1,24,000/- രൂപയും യാത്രാചെലവും വരും.

ഈ സാഹചര്യത്തിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ നിന്നുള്ള ടെസ്റ്റ് റിപ്പോർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ എന്നിവിടങ്ങളിലെ സാങ്കേതിക ഉപദേശം എന്നിവയിന്മേൽ എന്തു തീരുമാനം എടുക്കണമെന്ന് നിർദ്ദേശിക്കുകയോ സെന്ററൽ പവർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കുന്നതിനായുള്ള ചെലവ് തനതുഫണ്ടിൽ നിന്നു വഹിക്കുന്നതിനായുള്ള സാമ്പത്തികാനുമതി ലഭ്യമാക്കുകയോ അല്ലെങ്കിൽ ടെണ്ടർ ക്യാൻസൽ ചെയ്ത് സ്പിൽഓവർ തുകയിൽ നിന്ന് ചെലവുചെയ്യുന്ന രീതിയിൽ റീടെണ്ടർ ചെയ്യുന്നതിനുള്ള അനുമതി നൽകുകയോ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്

**തീരുമാനം-** ഈ ഫയൽ വിശദമായി പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

(നടപടി:- 1) തദ്ദേശസ്വയം ഭരണ (ഡി.എ) വകുപ്പ്
2) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ)

യോഗം വൈകിട്ട് 6.00 മണിക്ക് അവസാനിച്ചു.

*************